കല

സാഹിത്യം

സംസ്കാരം

SHIBINA BASHEER

- താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനയേത്?

i. 1847-ൽ ഹെർമൻ ഗുണ്ടർട്ട് ആദ്യത്തെ മലയാളപത്രം, രാജ്യസമാചാരം ആരംഭിച്ചു

ii. മലയാളത്തിലെ രണ്ടാമത്തെ പത്രം പശ്ചിമോദയം ഹെർമൻ ഗുണ്ടർട്ട് 1847-ൽ ആരംഭിച്ചു

iii. ഹെർമൻ ഗുണ്ടർട്ട് ലണ്ടൻ മിഷൻ സൊസൈറ്റിയിൽ അംഗമായിരുന്നു

A. i & ii

B. ii & iii

C. i & iii

D. എല്ലാം ശരിയാണ്

- താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

i. 2019 ലെ ജ്ഞാനപീഠ പുരസ്കാരത്തിന്റെ 55-ാമത് ജേതാവാണ് അക്കിത്തം അച്യുതൻ നമ്പൂതിരി

ii. "വെളിച്ചം ദുഃഖമാണുണ്ണി തമസല്ലോ സുഖപ്രദം" - എന്നീ വരികൾ അക്കിത്തത്തിന്റെ "ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസം" എന്ന കൃതിയിൽ നിന്നുമാണ്

iii. ജ്ഞാനപീഠ പുരസ്കാരം മലയാളത്തിൽ ആദ്യമായി ലഭിച്ചത് ജി. ശങ്കരക്കുറുപ്പിനാണ്.

A. i& ii

B. ii & iii

C. i& iii

D. എല്ലാം ശരിയാണ്

- താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

i. നാലപ്പാട്ട് നാരായണമേനോനും മുകുന്ദരാജയും ചേർന്ന് 1930ൽ കേരളകലാ മണ്ഡലം തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴയുടെ തീരത്ത് സ്ഥാപിച്ചു

ii. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വംശനാശത്തിന്റെ വക്കിലെത്തിയ കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം മുതലായ കലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾക്ക് പ്രശസ്തമാണ് കേരള കലാമണ്ഡലം.

iii. കേരള കലാമണ്ഡലത്തെ 2006-ൽ ഇന്ത്യാ ഗവൺമെന്റ് 'ഡിംഡ് യൂണിവേഴ്സിറ്റി' യായി പ്രഖ്യാപിച്ചു.

A. i & ii

B. ii & iii

C. i & iii

D. എല്ലാം ശരിയാണ്

- താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

i. വക്കം അബ്ദുൾ ഖാദർ മൗലവി മലബാർ മുസ്ലിം മഹാസഭ രൂപീകരിച്ചു.

ii. വക്കം അബ്ദുൾ ഖാദർ മൗലവി "സ്വദേശാഭിമാനി' പത്രത്തിന്റെ സ്ഥാപകൻ ആണ്.

iii. സ്വദേശാഭിമാനി പത്രത്തിന്റെ എഡിറ്റർ ആയി പ്രവർത്തിച്ചിരുന്നത്കെ. രാമകൃഷ്ണ പിള്ളയാണ്.

A. i & ii

B. iii & i

C. ii & iii

D. എല്ലാം ശരിയാണ്

- കേരള ഫോക് ലോർ അക്കാദമി സ്ഥിതി ചെയ്യുന്ന കേരളത്തിലെ ജില്ല

A. തൃശ്ശൂർ

B. കണ്ണൂർ

C. കോഴിക്കോട്

D. തിരുവനന്തപുരം

- തോന്നക്കൽ കുമാരനാശാൻ സ്മാരക ദേശീയ സാംസ്കാരിക കേന്ദ്രം സ്ഥാപിച്ചത്?

A. 1958

B. 1962

C. 1965

D. 1972

- പത്തൊൻപതാം നൂറ്റാണ്ടിലെ യാത്രാവിവരണങ്ങളെക്കുറിച്ച് താഴെ പറയുന്നവയിൽഏതാണ് ശരിയായത് ?

i. ജി.പി. പിള്ളയുടെ ലണ്ടനും പരിസ്സും

ii. മാർ തോമസ് കുര്യാളശ്ശേരിയുടെ റോമയാത്ര

iii. മാർ തോമസ് കുര്യാളശ്ശേരിയുടെ രണ്ടാം റോമയാത്ര

A. Only i

B. Only ii

C. Only ii and iii

D. Only i and ii

- താഴെപ്പറയുന്നവയിൽ ഏതെല്ലാം ഭാഷകൾക്ക് ഇന്ത്യയിൽ ക്ലാസിക്കൽ ഭാഷാ പദവി ലഭിച്ചു ?

i. തമിഴ്

ii. ഒഡിയ

iii. കന്നഡ

iv. മലയാളം

A. Only i and ii

B. Only i and iv

C. Only i, ii and iii

D. മുകളിൽ പറഞ്ഞവയെല്ലാം

- 'കാളി നാടകം' എന്നറിയപ്പെടുന്ന കേരളത്തിലെ നാടൻ കലാരൂപത്തിന്റെ പേര് എഴുതുക.

A. പടയണി

B. തിറ

C. പൂരക്കളി

D. മുടിയേറ്റ്

- താഴെ പറയുന്നവയിൽ ഏത് സാംസ്കാരിക സ്ഥാപനത്തിന്റെ പ്രസിദ്ധീകരണമാണ് കേളി ?

A. കേരള സാഹിത്യ അക്കാഡമി

B. കേരള കലാമണ്ഡലം

C. കേരള സംഗീത നാടക അക്കാഡമി

D. കേരള ഫോക് ലോർ അക്കാഡമി

- മലയാളത്തിലെ ആദ്യത്തെ കളർ സിനിമ?

A. ചെമ്മീൻ

B. ബാലൻ

C. കണ്ടം ബച്ച കോട്ട്

D. നീലക്കുയിൽ

- ഓണം പരാമർശിക്കുന്ന സംഘകാല കൃതി ?

A. അകനാന്യൂറ്

B. മധുരൈ കാഞ്ചി

C. ചിലപ്പതികാരം

D. പെരിയപുരാണം

- പരമ്പരാഗത നാടോടി നൃത്തമായ 'ഘൂമർ' അറിയപ്പെടുന്ന സംസ്ഥാനം?

A. ഗുജറാത്ത്

B. രാജസ്ഥാൻ

C. മധ്യപ്രദേശ്

D. മഹാരാഷ്ട്ര

- കഥാപാത്രവും നോവലും - തെറ്റായ ജോഡി ഏത്?

A. സേതു - കാലം

B. രവി - ഖസാക്കിന്റെ ഇതിഹാസം

C. സുഹ്റ - ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്

D. പപ്പു - ഓടയിൽ നിന്ന്

- 'റാം C/O ആനന്ദി' എന്ന നോവലിന്റെ രചയിതാവ് ആര്?

A. കെ.എസ്. രതീഷ്

B. എം.ആർ. അനിൽകുമാർ

C. അഖിൽ പി ധർമ്മജൻ

D. ജയമോഹൻ

- എഴുത്തുകാരന്റെ യഥാർത്ഥ പേര് അവരുടെ തൂലികാനാമവുമായി ശരിയായി പൊരുത്തപ്പെടുന്ന ജോഡികൾ കണ്ടെത്തുക.

i. നന്ദനാർ - പി.സി. രാമചന്ദ്രൻ

ii. ആനന്ദ് - കെ. സച്ചിദാനന്ദൻ

iii. ടി. ഉബൈദ് - അബ്ദുൾ റഹ്മാൻ

iv. വിലാസിനി - എം.കെ. മേനോൻ

A. I and II

B. II, III and IV

C. III and IV

D. II and IV

- താഴെ കൊടുത്തിട്ടുള്ളവയിൽ തെറ്റായ പ്രസ്താവന ഏത്?

A. ലക്ഷണയുക്തമായ പാട്ടുകാവ്യമല്ല രാമചരിതം

B. ഉപരിവർഗത്തിൻറെ സുഖലോലുപത ആവിഷ്കരിക്കുന്ന കാവ്യങ്ങളാണ് മണിപ്രവാളം

C. പാട്ടുഭാഷയുടെ പരിവർത്തനഘട്ടത്തെയാണ് നിരണം കൃതികൾ പ്രതിനിധാനം ചെയ്യുന്നത്

D. മണിപ്രവാള സംസ്കാരത്തിൻറെ പൊതുധാരയിൽ നിന്ന് വേറിട്ട

നിൽക്കുന്ന കൃതിയാണ് അനന്തപുര വർണനം

Ans - A

- കേരളത്തിലെ ജാതിവ്യവസ്ഥയെ ചോദ്യം ചെയ്യുന്ന ഒരു തെയ്യം ആണ്?

A. പൊട്ടൻ തെയ്യം

B. കതിവന്നൂർ വീരൻ

C. ആലി തെയ്യം

D. ഓണപ്പൊട്ടൻ

- താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായതേതാണ്?

i. അടുക്കളയും ഉണ്ണാനുള്ള തളവും ചേർന്നതാണ് തെക്കിനി

ii. രണ്ടു കിടപ്പുമുറികളും അവയ്ക്കിടയിലുള്ള കലവറയുമാണ് വടക്കിനി

iii. പടിഞ്ഞാറ്റിനിയിലും കിഴക്കിനിയിലും സന്ദർശകർക്കും അതിഥികൾക്കുമുള്ള തുറന്ന ഹാളുകളാണ് ഉള്ളത്

iv. അടുക്കളയും ഉണ്ണാനുള്ള തളവും ചേർന്നതാണ് കിഴക്കിനി

A. 1 & 2 ശരിയാണ്

B. 3 & 4 ശരിയാണ്

C. 1 & 4 ശരിയാണ്

D. ഒന്നും ശരിയല്ല

- വാസ്തുവിദ്യയുടെ വികാസത്തിന് പ്രാചീനകേരളം നൽകിയിട്ടുള്ള സംഭാവനകളുടെ തെളിവാണ് തന്ത്രസമുച്ചയം, വാസ്തുവിദ്യ, മനുഷ്യാലയ ചന്ദ്രിക, ശില്പരത്നം എന്നീ ഗ്രന്ഥങ്ങൾ. ഇതിൽ ഗാർഹിക വാസ്തുവിദ്യ മുഖ്യ പ്രതിപാദ്യ വിഷയമായ ഗ്രന്ഥം ഏതാണ്?

A. വാസ്തുവിദ്യ

B. തന്ത്രസമുച്ചയം

C. മനുഷ്യാലയ ചന്ദ്രിക

D. ശില്പരത്നം

- കേരളത്തിലെ ചുമർച്ചിത്രങ്ങളെക്കുറിച്ചുള്ള പ്രസ്താവനകളിൽ താഴെപ്പറയുന്നതിൽ ഏതൊക്കെയാണ് ശരിയായിട്ടുള്ളത്?

i. തൃശ്ശൂർ വടക്കുന്നാഥ ക്ഷേത്രത്തിലെ ചുവർച്ചിത്രങ്ങൾ മൂന്നാംഘട്ട പാരമ്പര്യത്തിലാണ് എം.ജി. ശശിഭൂഷൺ ഉൾപ്പെടുത്തിയിട്ടുള്ളത്

ii. ജെ.എച്ച്. കസിൻസാണ് പത്മനാഭപുരത്തെ ചിത്രങ്ങൾ ആദ്യമായി പുറം ലോകത്തിന് പരിചയപ്പെടുത്തിയത്

iii. കേരളീയ ക്ഷേത്രങ്ങളിൽ കാണുന്ന ശാസ്താവിൻറെ

ചിത്രങ്ങളിലധികവും പുലിപ്പുറത്തിരുന്ന്പരിവാരങ്ങളോടൊപ്പം നായാട്ട് നടത്തുന്ന സങ്കല്പത്തിലുള്ളതാണ്

iv. ഏറ്റുമാനൂർ അമ്പലത്തിലെ ശിവ താണ്ഡവചിത്രം പതിനെട്ടാം നൂറ്റാണ്ടിൽ വരയ്ക്കപ്പെട്ടതാണ്

A. ഒന്നും രണ്ടും ശരിയാണ്

B. രണ്ട് മാത്രം ശരിയാണ്

C. രണ്ടും നാലും ശരിയാണ്

D. ഒന്നും രണ്ടും മൂന്നും ശരിയാണ്

- ശരിയായ പ്രസ്താവനകൾ കണ്ടെത്തുക

i. നെഹ്റു ട്രോഫി വള്ളംകളിയുടെ ആദ്യത്തെ പേര് പ്രൈം മിനിസ്റ്റേഴ്സ് ട്രോഫി

ii. നെഹ്റു ട്രോഫി വള്ളംകളി ഓളപ്പരപ്പിലെ ഒളിംപിക്സ് എന്നറിയപ്പെടുന്നു

iii. 1952ൽ ആദ്യത്തെ ചാംപ്യൻമാർ നടുഭാഗം ചുണ്ടൻ.

A. ഒന്ന് മാത്രം

B. ഒന്നും രണ്ടും

C. രണ്ട് മാത്രം

D. എല്ലാം ശരി

## THANK YOU